**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല – കോങ്ങാട് ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(1) പ്രകാരം 1,53,132/- (ഒരു ലക്ഷത്തി അമ്പത്തി മൂന്നായിരത്തി നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം 5,000/- (അയ്യായിരം രൂപ മാത്രം) രൂപ, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരം 5,236/- (അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപ,2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 3(26) പ്രകാരം 3,08,784/-(മൂന്ന് ലക്ഷത്തി എട്ടായിരത്തി എഴുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപ, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം 10,000/-(പതിനായിരം രൂപ മാത്രം) രൂപ, എന്നീ തുകകളുടെ ചെലവുകൾക്ക് സാധൂകരണം നൽകിയും 2010-11 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3(21) പ്രകാരം 80,220/-(എൺപതിനായിരത്തി ഇരുനൂറ്റി ഇരുപത് രൂപ മാത്രം)2011-12 വർഷത്തെ ഖണ്ഡിക 3(3) പ്രകാരം 1,44,447/-(ഒരു ലക്ഷത്തി നാൽപത്തിനാലായിരത്തി നാനൂറ്റി നാൽപത്തിയേഴ് രൂപ മാത്രം) രൂപ എന്നീ തുകകളുടെ ചെലവ് നിരാകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.2935/16/തസ്വഭവ. തിരുവനന്തപുരം,തീയതി:22/10/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 26/09/2015 തീയതിയിലെ എം3-30678/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുട 30/01/2016 ലെ നം.എൽ.എഫ്. 13294/പിറ്റി2/2015 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(1) പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടകയിൽ 2004-05 വർഷം മുതൽ 2006-07 വർഷം വരെ പ്രതിവർഷം 5% നിരക്കിൽ വർദ്ധനവ് വരുത്താത്തതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായ 1,53,132/-രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജാഗ്രതാ സമിതിയുടെ ഏകദിന പരിശീലന പരിപാടിക്കായി ചെലവഴിച്ച 5,000/-രൂപ, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലാത്ത ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പുകൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ചെലവഴിച്ച 5,236/-രൂപ, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(21) പ്രകാരം ശിശുവികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പ്രോജക്ടുകൾ, ആശ്രയ അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ പ്രോജക്ടുകൾ എന്നിവ അല്ലാതെ വികസന ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള മറ്റ് പ്രോജക്ടുകൾ നടപ്പാക്കാൻ പാടില്ല എന്ന എന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 80,220/-രൂപ, 2010-11 വർഷത്തെ ഖണ്ഡിക 3(26) പ്രകാരം പഞ്ചായത്തിന്റേയോ സ്ഥാപനങ്ങളുടേയോ ആസ്തിയില്ലാത്ത സ്ഥലത്ത് കേരള സർവ്വോദയ സംഘത്തിന് വേണ്ടി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ചെലവഴിച്ച 3,08,784/-രൂപ 2011-12 വർഷത്തെ

ഖണ്ഡിക 3(8) പ്രകാരം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കോളനിയിലെ സായാഹ്ന പഠന കേന്ദ്രങ്ങളിലെ ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം നൽകുന്നതിനായി ചെലവഴിച്ച 10,000/-രൂപ, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം ശിശുവികസന പരിപാടികൾ, ആശ്രയ അഗതി പുനരധിവാസ പദ്ധതികൾ എന്നിവയിലൊഴികെ ഭക്ഷ്യധാന്യം വിതരണം നടത്താവുന്നതല്ല എന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 1,44,447/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭിക്കുന്നതിനായി പഞ്ചായത്തിന്റെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അനുകൂല ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ ഉത്തരവുകൾ, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി ചെലവഴിച്ച പ്രസ്തുത തുകകൾക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും തുക ക്രമീകരിയ്ക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(1) പ്രകാരമുള്ള തടസ്സമായ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക വർദ്ധിപ്പിക്കാത്തത് കാരണ സഹിതം പഞ്ചായത്ത് വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിശദീകരണം സ്വീകരിക്കാവുന്നതാണ്. 2008-09, 2009-10 വർഷത്തെ ഖണ്ഡിക 3(8), 3(7) പ്രകാരം തടസ്സപ്പെടുത്തിയത് ജാഗ്രതാ സമിതികളുടെ പരിശീലനത്തിനായുള്ള ചെലവാണ്.സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനായി എല്ലാ വാർഡുകളിലും ജാഗ്രതാ സമിതികൾ സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുക വളരെ ചെറുതാണ്. ആയതിനാൽ പ്രസ്തുത ചെലവുകൾ സാധൂകരിക്കാവുന്നതാണ്. 2010-11 വർഷത്തെ ഖണ്ഡിക 3(26) പ്രകാരം ഖാദി യൂണിറ്റിനുവേണ്ടി കെട്ടിടം നിർമ്മിച്ചു നൽകിയത് സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണ്. 2011-12 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3.8 പ്രകാരം കോളനിയിലെ സ്കൂൾ കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസ്സുകൾ നടത്തുന്നതിനായുള്ള ചെലവ് പഞ്ചായത്തിലെ എസ്.സി സമുദായത്തിൽപ്പെട്ട സ്കൂൾ കുട്ടികൾക്കുള്ളതാണ്.ഇങ്ങനെയുള്ള പ്രദേശങ്ങളിലെ പഞ്ചായത്തുകളുടെ ഇടപെടലുകൾ പ്രോൽസാഹിപ്പിക്കേണ്ടതും തടസ്സം സാധൂകരിക്കാവുന്നതുമാണ്. 2010-11, 2011-12 വർഷങ്ങളിലെ ഖണ്ഡിക 3(21), 3.3 പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്കല്ലാതെ ഭക്ഷണത്തിന് സബ്സിഡി അനുവദിക്കുന്നത് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതല്ല. ആയത് മറ്റു വകുപ്പുകളുടെ പ്രവർത്തന പരിധിയിലുള്ളതാണ്. ആയതിനാൽ പഞ്ചായത്ത് ചെലവഴിച്ച തുകകൾക്ക് സാധൂകരണം നൽകാനാവില്ല.

ആയതിനാൽ പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(1) പ്രകാരം തടസ്സപ്പെടുത്തിയ 1,53,132/-രൂപ, (ഒരു ലക്ഷത്തി അമ്പത്തി മൂന്നായിരത്തി നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം തടസ്സപ്പെടുത്തിയ 5,000/- (അയ്യായിരം രൂപ മാത്രം) രൂപ, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരം തടസ്സപ്പെടുത്തിയ 5,236/-(അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപ, 2010-11 വർഷത്തെ ഖണ്ഡിക 3(26) പ്രകാരം തടസ്സപ്പെടുത്തിയ 3,08,784/-(മൂന്ന് ലക്ഷത്തി എട്ടായിരത്തി എഴുനൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപ, 2011-12 വർഷത്തെ ഖണ്ഡിക 3(8) പ്രകാരം തടസ്സപ്പെടുത്തിയ 10,000/- (പതിനായിരം രൂപ മാത്രം) രൂപ എന്നീ തുകകളുടെ ചെലവുകൾ സാധൂകരിച്ചു കൊണ്ടും 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(21) പ്രകാരം തടസ്സപ്പെടുത്തിയ 80,220/-എൺപതിനായിരത്തി ഇരുനൂറ്റി ഇരുപത് രൂപ മാത്രം) രൂപ, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 1,44,447/-(ഒരു ലക്ഷത്തി

നാൽപത്തി നാലായിരത്തി നാന്നൂറ്റി നാൽപത്തിയേഴ് രൂപ മാത്രം) രൂപ എന്നീ തുകകളുടെ ചെലവുകൾ നിരാകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കോങ്ങാട് ഗ്രാമപഞ്ചായത്ത്, പാലക്കാട്
വെബ് ആന്റ് ന്യൂ മീഡിയ,ഐ & പി.ആർ.ഡി
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ